# KIDS CORNER

വചനത്തിലെ പഴമൊഴികൾ

## സ്വന്തഛർദ്ദിക്ക് തിരിയുന്ന നായകൾ (2 പത്രോ: 2:22)




അയ്യോ!... ഓടിവരണേ... എന്നെ കൊല്ലുന്നേ.... ഒരു സ്ത്രീയുടെ ദയനീയമായ നിലവിളി കേട്ട് കത്രീനാമ്മച്ചിയും മറ്റുള്ളവരും മുറ്റത്തോക്കോടി. ഈ സന്ധ്യാനേരത്ത് എവിടെയാ കരച്ചിൽ എന്ന ആകുല ചിന്തയോട് പുറത്തേക്കുപോയ അമ്മച്ചി സ്വന്തഛർദ്ദിക്ക് തിരിഞ്ഞനായ എന്ന് പറഞ്ഞ് വേഗത്തിലകത്തു കയറി തന്റെ കസേരയിൽ ഇരുന്നു. അമ്മച്ചി.. നായ എന്ന് മനുഷ്യരെ വിളിച്ചാൽ ദോഷമല്ലേ? മിന്നു തന്റെ സംശയം പ്രകടിപ്പിച്ചു. മിണ്ടാതിരിക്കാൻ അപ്പു അവളെ ആംഗ്യം കാണിച്ചു. എന്നാൽ തന്റെ മക്കളുടെ സംശയം മാറ്റി എടുക്കുവാനായി അമ്മച്ചി മക്കളെ അരികിലേക്ക് വിളിച്ചു.

സ്വന്തഛർദ്ദിക്ക് തിരിഞ്ഞനായയെന്നും, കുളിച്ചിട്ട് ചളിയിൽ ഉരുളുവാൻ തിരിഞ്ഞ പന്നി യെന്നുമുള്ളത് വചനത്തിൽ രേഖപ്പെടുത്തിയ സത്യമായ പഴഞ്ചൊല്ലത്രെ (2. പത്രോ2.22)ഒരുകാലത്ത് തെറ്റാണെന്ന് മനസ്സിലാക്കി നാം ഉപേക്ഷിച്ചതിനെ, വീണ്ടും സ്വീകരിച്ചാൽ ഈ രണ്ട് മൃഗങ്ങളോടും നാം തുല്യരാകും. ബുദ്ധിയും, വൃത്തിയും ഇല്ലാത്തതും, നല്ലതും തീയതും തിരിച്ചറിവാൻ കഴിയാത്തതുമായ രണ്ട് ഹീന മൃഗങ്ങളാണിവകൾ. കുളിപ്പിച്ച് വൃത്തിയാക്കിയാൽ വീണ്ടും ചളിയിൽകിടന്ന് ഉരുളുന്നവയാണ് പന്നിയും, പട്ടിയും .

ഒരിക്കൽ മദ്യപാനി ആയിരുന്ന ആ ബാബു അത് വിട്ട് ദൈവവഴിയിൽ വന്നതാണ്. ഇനി മദ്യപിക്കുകയോ, പുകവലിക്കുകയോ ചെയ്യാതെ കുടുംബം നോക്കുമെന്ന് വാക്കുതന്നവൻ ഉപേക്ഷിച്ചതിനെ വിണ്ടും സ്വീകരിച്ചതുകൊണ്ടാണ് അമ്മച്ചി അങ്ങനെ പറഞ്ഞത്.

തന്റെ ഔദ്യോഗികജീവിതത്തിലെ ചില അനുഭവങ്ങൾ അമ്മച്ചി മക്കളോട് പങ്കുവച്ചു. ഏറ്റവും വലിയ വേദനയായി, തന്റെ മുമ്പിൽ എത്തുന്ന ജീവനെന്ന പൂർവ്വവിദ്യാർത്ഥിയെപ്പറ്റി അമ്മച്ചി നെടുവീർപ്പോടെ സംസാരിച്ചു. എല്ലാം ഉപേക്ഷിച്ച് അവൻ നല്ലവനായി വിവാഹജീവിത

ത്തിൽ പ്രവേശിച്ചു. എന്നാൽ രണ്ട് വർഷം കഴിഞ്ഞപ്പോൾ അതിന്റെ ഇരട്ടിയായി അധപതിച്ചു. ഇന്ന് ഒരു ഭ്രാന്തനെപ്പോലെ ജീവിക്കുന്നു. അവന്റെ നാശത്തിനുത്തരവാദി അവൻ തന്നെയാണ്.

മക്കളെ ! അന്ത്യകാലത്ത് ഭക്തികെട്ട മോഹങ്ങളെ അനുസരിച്ചുനടക്കുന്ന പരിഹാസികളുടെ പിടിയിൽ നിങ്ങൾ വീണുപോകരുത് ഭിന്നത ഉണ്ടാക്കുന്നവർ, ആത്മാവില്ലാത്തവർ. ദുരുപദേശക്കാർ ഇവരെ സൂക്ഷിച്ച് ഒഴിയുക. ദൈവഹിതമല്ലാത്തത് ഒന്നും നിങ്ങളുടെ ജീവിതത്തിൽ വരരുത് നിങ്ങളുടെ ഈ ശരീരം പരിശുദ്ധാത്മാവ് വസിക്കുന്ന സുന്ദര മന്ദിരമാകട്ടെ . മദ്യഷാപ്പിലേക്ക് ഓടുന്നവർ ലോകസ്നേഹികളാണ് ഹീനമായ എല്ലാ പ്രവർത്തികളും ഉപേക്ഷിക്കുക. ഉപേക്ഷിച്ചവയിലേക്ക് തിരിഞ്ഞു നോക്കിയാൽ നിങ്ങൾ യേശു അപ്പച്ചന്റെ ശത്രുക്കളാണ് സ്വന്തം ഛർദ്ദിയിലേക്ക് തിരിയുന്ന നായ്ക്കളെപ്പോലെയാകും അമ്മച്ചിയുടെ മക്കൾ ദൈവപൈതങ്ങളാക്കുക. തെറ്റായ പ്രവർത്തികൾ ഉപേക്ഷിക്കുക. ഉപേക്ഷിച്ചവ പിന്നീട് സ്വീകരിക്കാതിരിക്കുക.

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind